**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഹരിത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ ഒട്ടനവധി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.<br><br>**1. ഡെസ്റ്റിനേഷൻ ചലഞ്ച് :-** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്നതിലൂടെ ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>**2. ഫ്ളോട്ടിങ് ബ്രിഡ്ജ് പദ്ധതി:-** ജല സാഹസിക വിനോദ രംഗത്ത് പുത്തൻ ഉണർവേകുന്നതിനായി തീരപ്രദേശമുള്ള സംസ്ഥാനത്തെ 9 ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചു. നിലവിൽ ബേക്കൽ, മുഴപ്പിലങ്ങാട്, താനൂർ, ചാവക്കാട്, വർക്കല, കുഴുപ്പിള്ളി, ബേപ്പൂർ എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ ആരംഭിച്ചു.<br><br>**3. നൈറ്റ് ലൈഫ്:-** വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിച്ചു. തിരുവനന്തപുരം മാനവീയം വീഥിയെ നൈറ്റ് ലൈഫ് കേന്ദ്രമാക്കി വികസിപ്പിച്ചു. തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതി ഇപ്പോൾ അന്തിമഘട്ടത്തിലാണ്. കൂടാതെ നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ |

തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തി. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം കൂടാതെ നൈറ്റ് ലൈഫ് ടൂറിസവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

4. **കാരവൻ ടൂറിസം**:- കോവിഡാനന്തര ടൂറിസത്തിന് ആത്മവിശ്വാസം പകരുന്നതിന് കാരവൻ എന്ന പുത്തൻ ടൂറിസം ഉൽപ്പന്നം കേരള ടൂറിസം പുറത്തിറക്കി. കാരവൻ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാരവന്റെ സബ്സിഡികൾ നൽകുന്നു. കെ.ടി.ഡി.സി-യുടെ നേതൃത്വത്തിൽ കാരവൻ പാർക്കുകൾ നിർമ്മിക്കുന്ന നടപടികൾ സ്വീകരിക്കുന്നു.

5. **ഹെലി ടൂറിസം**:- കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് വേഗത്തിൽ വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്ക് എത്തിപ്പെടാനും മനോഹരമായ ആകാശ കാഴ്ചകൾ ആസ്വദിക്കുവാനും കേരള ടൂറിസം നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് ഹെലി ടൂറിസം.

6. **ഉത്തരവാദിത്ത ടൂറിസം**:- ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ടൂറിസം ഫെസ്റ്റിവൽ, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/ അഗ്രി ടൂറിസം , പൈതൃക ടൂറിസം, ആക്സ്സിബിൾ ടൂറിസം, എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

7. **കേരളം ഒരു പ്രധാന നിക്ഷേപ കേന്ദ്രം**:- കൂടുതൽ നിക്ഷേപ അവസരങ്ങൾ സൃഷ്ടിക്കുക, വിവിധ പദ്ധതികൾക്ക് ഭൂമിയുടെ ലഭ്യത ഉറപ്പാക്കുക, പൊതു സ്വകാര്യ സംരംഭകങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുക തുടങ്ങിയവയ്ക്കായി 16/11/2023 ന് നടന്ന ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു. സജീവമായ വകുപ്പ്തല പ്രവർത്തികളിലൂന്നിയുള്ള വൈവിധ്യമാർന്ന നിക്ഷേപക പങ്കാളിത്തവും ഈ ഇവന്റിന്റെ സവിശേഷതയായിരുന്നു. ഏകദേശം 15,126 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ഈ മീറ്റിലൂടെ ലഭിച്ചിരുന്നു.

8. **ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ്:-** സാഹസിക ജലകായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് മൂന്ന് വർഷങ്ങളായി

നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്.

9. **മലബാർ റിവർഫെസ്റ്റ്** :- കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വിദേശ ടൂറിസ്റ്റുകളേയും ആഭ്യന്തര സഞ്ചാരികളെയും ആകർഷിക്കുന്നതിനായി ജലസാഹസിക പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തുഷാരഗിരിയിൽ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരം നടത്തുകയുണ്ടായി.

10.**സിനിമ ടൂറിസം** :- പ്രശസ്ത സിനിമകൾ ചിത്രീകരിച്ച സ്ഥലങ്ങളെ അവയുടെ ഓർമ്മകൾ നിലനിർത്തിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് സിനിമ ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പ്രകൃതി സുന്ദരമായ ഒട്ടേറെ സ്ഥലങ്ങൾ വിവിധ സിനിമകളുടെ ഭാഗമായിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ വിനോദസഞ്ചാര പ്രദേശങ്ങളായി അടയാളപ്പെടുത്തുവാനും തൽഫലമായി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന തിനുമാണ് ഉദ്ദേശിക്കുന്നത്.

11. **ലിറ്ററി ടൂറിസം സർക്യൂട്ട്** :- സാഹിത്യ പ്രതിഭകളുടെ ജീവിതവും സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതിക്ക് തുടക്കമിട്ടു.

12. **ബയോഡൈവേഴ്സിറ്റി ടൂറിസം** സർക്യൂട്ട് :- ജൈവവൈവിധ്യ മേഖലകളിലൂടെ സുരക്ഷിത ടൂറിസം ഉറപ്പാക്കുന്നതിനുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിക്ക് രൂപം നൽകി.

13. **പൈതൃക ടൂറിസം**:- പൈതൃക ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, ഉത്സവം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ക്രിസ്തുമസ്സ് - പുതുവർഷത്തിന്റെ ഭാഗമായി ലൈറ്റിംഗ് ഫെസ്റ്റിവൽ തുടങ്ങിയ പരിപാടികളിലൂടെ പ്രകൃതി സൗന്ദര്യത്തോടൊപ്പം സംസ്ഥാന ത്തിന്റെ സംസ്കാരവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും അനുഭവവേദ്യമാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ,

| | | | |
|---|---|---|---|
| | | | കെടി.ഡി.സി. തുടങ്ങിയവ വഴി നടത്തുന്ന ഭക്ഷ്യമേളകൾ ഇതിന് ഉദാഹരണമാണ്. ഹോംസ്റ്റേകൾക്കും സർവ്വീസ്ഡ് വില്ലകൾക്കും അംഗീകാരം നൽകുമ്പോൾ തന്നെ തനത് ഭക്ഷ്യവിഭവങ്ങൾ സഞ്ചാരികൾക്ക് നൽകണം എന്ന് നിഷ്കർഷിക്കാറുണ്ട്.<br><br>സംസ്ഥാനത്തെ തനത് ഭക്ഷ്യവൈവിധ്യം അന്താരാഷ്ട്രതലത്തിൽ പരിചയപ്പെടുത്താനായി ടൂറിസം വകുപ്പ് ഇന്റർനാഷണൽ ക്യുസീൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആർ.റ്റി മിഷന്റെ ആഭിമുഖ്യത്തിലും കേരളത്തിന്റെ രുചി വൈവിധ്യം സഞ്ചാരികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് പതിവ് ടൂറിസം കാഴ്ചകളിൽ നിന്നും വേറിട്ട് പ്രാദേശിക സംസ്കാരം, കല, രുചിഭേദങ്ങൾ എന്നിവ അനുഭവവേദ്യമാക്കികൊണ്ട് ടൂറിസം കൂടുതൽ ആകർഷകവും, ആസ്വാദ്യകരവുമാക്കുന്നതിനുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി നടത്തി വരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, അഗ്രി ടൂറിസം നെറ്റ്‌വർക്ക്, എക്സ്പീരിയൻസ് എത്തിക് ക്യുസീൻ നെറ്റ്‌വർക്ക്, കേരള സുവനീർ നെറ്റ്‌വർക്ക് എന്നിവയെല്ലാം ഇത്തരത്തിലുള്ള വിവിധ പദ്ധതികളാണ്. പ്രാദേശിക പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്ന പെപ്പർ, സ്ട്രീറ്റ്, മോഡൽ ആർ ടി വില്ലേജ് പോലുള്ള വിവിധ പങ്കാളിത്ത ടൂറിസം വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് പൂർണ്ണമായും സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രധാന ടൂറിസം മേഖലകളിലേക്കുള്ള റോഡുകൾ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ടൂറിസം കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുവാനും ഹരിത പെരുമാറ്റചട്ടം നടപ്പിലാക്കാനുമുള്ള പ്രവർത്തനങ്ങൾ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയിലൂടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ടൂറിസം മേഖലയിലേക്കുള്ള റോഡുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനും ശുചിയായി സൂക്ഷിക്കാനും ഉള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് പരിഗണനയിൽ ഉണ്ട്. |
| (സി) | ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗരേഖകളുടെ വിശദാംശം വ്യക്തമാക്കുമോ? | (സി) | ടൂറിസം കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിന് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങൾ ഹരിത |

| | | | | |
|---|---|---|---|---|
| | | | | വിനോദസഞ്ചാര കേന്ദ്രങ്ങളായി രൂപപ്പെടുത്തിയെടുക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ് ഹരിത ടൂറിസം കേന്ദ്രങ്ങൾ സജ്ജമാക്കുക എന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളെ ഹരിത/ഉത്തരവാദിത്ത വിനോദ സഞ്ചാരകേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിന് ഓരോ തരം ടൂറിസം കേന്ദ്രങ്ങൾക്കും ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം (ആർ ടി പ്രോട്ടോക്കോൾ) രൂപീകരിച്ചു നടപ്പിലാക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. ഇതിനായി ഫീൽഡ് തലപഠനങ്ങൾ, സർവ്വേകൾ, ബ്രെയിൻ സ്റ്റോമിങ് വർക്ക്ഷോപ്പുകൾ, കരട് ഡോക്യുമെന്റ് തയ്യാറാക്കൽ, അസ്സൽ രേഖതയ്യാറാക്കൽ എന്നിങ്ങനെ വിവിധ ഘട്ടങ്ങൾ ഉണ്ട്. കായൽ/ പുഴയോര വിനോദസഞ്ചാര കേന്ദ്രങ്ങൾ (BACKWATER/ RIVER TOURISM CENTRES), ബീച്ച് ടൂറിസം കേന്ദ്രങ്ങൾ, മൈക്രോ ടൂറിസം കേന്ദ്രങ്ങൾ എന്നിങ്ങനെ 3 വിഭാഗങ്ങൾക്ക് ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം (ആർ ടി പ്രോട്ടോക്കോൾ) രൂപീകരിക്കുന്നതിന് വേണ്ട ഫീൽഡ് തല പഠനങ്ങൾ നടന്നു വരുന്നു. യുഎൻഡിപി യുടെ ഐ.എച്ച്.ആർ.എം.എൽ പദ്ധതിയുടെ ഭാഗമായി മൗണ്ടൻ ടൂറിസം കേന്ദ്രങ്ങൾക്കുള്ള ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം ഉത്തരവാദിത്ത ടൂറിസം മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ഹോട്ടലുകൾക്കും, റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം നടപ്പിലാക്കുക എന്നുള്ളത് ടൂറിസം കേന്ദ്രങ്ങളെ, ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ഒരു പ്രധാന പ്രവർത്തനമാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള റെസ്പോൺസിബിൾ ടൂറിസം ക്ലാസ്സിഫിക്കേഷൻ നടപ്പിലാക്കുന്നുണ്ട്. ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള റെസ്പോൺസിബിൾ ടൂറിസം ക്ലാസ്സിഫിക്കേഷൻ മാർഗ്ഗരേഖയുടെ രത്നച്ചുരുക്കം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം:

## ആർ ടി ക്ലാസ്സിഫിക്കേഷൻ മാർഗരേഖ - കേരള ടൂറിസം

**പശ്ചാത്തലം**

ഇന്ന് ആഗോളതലത്തിൽ മാറ്റത്തിന്റെ ചുക്കാൻ പിടിക്കുന്നത് വിനോദസഞ്ചാര മേഖലയാണ്. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന പല രാജ്യങ്ങളും വിനോദസഞ്ചാര മേഖലയുടെ സാന്നിധ്യംകൊണ്ടു സാമ്പത്തിക പുരോഗതി കൈവരിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളും ആഗോള ശ്രദ്ധ പതിഞ്ഞ ഒന്നായി മാറിക്കഴിഞ്ഞിരിക്കുന്നു. തദ്ദേശീയർക്ക് വിനോദസഞ്ചാര മേഖലയിലുള്ള പ്രാതിനിധ്യം വർധിപ്പിച്ചുകൊണ്ട് അവരുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പു വരുത്തുകയും പാരിസ്ഥിതിക ആഘാതം പരമാവധി കുറക്കുകയും ചെയ്യുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ലക്ഷ്യം.

വിനോദസഞ്ചാര വ്യവസായത്തിൽ പ്രാദേശിക സമൂഹത്തെ കൂടുതലായി ഉൾപ്പെടുത്തുന്നതിലൂടെ അവരുടെ സാമ്പത്തിക പുരോഗതി ഉറപ്പു വരുത്തുക, ആവശ്യമായ പ്രാദേശിക ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുക, പാരിസ്ഥിതിക ആഘാതം കുറക്കുക, പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകം നിലനിർത്തുക എന്നിവയ്ക്ക് പുറമേ ഒരു പരിധി വരെ ഉയർന്നുവരുന്ന സാമൂഹിക അസമത്വങ്ങൾക്കും വിവിധ മേഖലകളിലെ അനിയന്ത്രിതമായ വളർച്ചക്കും തടയിടുക തുടങ്ങി വളരെയേറെ ഗുണങ്ങൾ ഉണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തങ്ങൾ സംസ്ഥാന വ്യപകമാക്കി കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ സമ്പൂർണ്ണ സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ഉത്തരവാദിത്ത ടൂറിസത്തിന്റെ നിർവചനം പറയുന്നത് ഇതാണ്: തദ്ദേശീയർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ നൽകിക്കൊണ്ട് വിനോദസഞ്ചാരികൾക്ക് മികച്ച സഞ്ചാര സാധ്യതകൾ ഒരുക്കുന്നതാണ് ഉത്തരവാദിത്ത ടൂറിസം. ദക്ഷിണാഫ്രിക്കയുടെ തലസ്ഥാനമായ കേപ് ടൗണിൽ വച്ച് 2002 ൽ നടന്ന ഉത്തരവാദിത്ത ടൂറിസം പ്രഖ്യപനത്തിലാണ്

ആദ്യമായി ഉത്തരവാദിത്ത ടൂറിസത്തിന് വ്യക്തമായ ഒരു നിർവചനവും ലക്ഷ്യവും ഘടനയും നൽകപ്പെട്ടത്. ഈ സമ്മേളനം കേപ് ടൗൺ ഡിക്ലറേഷൻ എന്നറിയപ്പെടുന്നു. ഐക്യരാഷ്ട്ര സഭയുടെ ടൂറിസം സംഘടനയായ യുഎൻഡബ്ലിയുടിഒ, ആഗോളതലത്തിൽ വിനോദ സഞ്ചാര രംഗത്ത് അടിയന്തിരമായി ഉണ്ടാകേണ്ട മാറ്റത്തിലും അതിന്റെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക അനന്തരഫലങ്ങളിലും ഊന്നൽ നൽകിക്കൊണ്ട് ആഗോള ടൂറിസം പെരുമാറ്റച്ചട്ടം രൂപീകരിച്ചിട്ടുണ്ട്.

കേരള സർക്കാരിന്റെ വിനോദസഞ്ചാര മേഖലക്ക് വേണ്ടിയുള്ള ഉത്തരവാദിത്ത ടൂറിസം വർഗ്ഗീകരണ സമ്പ്രദായം (ആർ ടി ക്ലാസ്സിഫിക്കേഷൻ) സുസ്ഥിര/ഉത്തരവാദിത്ത ടൂറിസം പരിശീലിക്കാൻ താൽപ്പര്യമുള്ള ടൂറിസം സംരംഭകർക്ക് അതിനുള്ള ദൃശ്യവും സ്വീകൃതവുമായ ഒരു വേദി ഒരുക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ആർ ടി ക്ലാസ്സിഫിക്കേഷൻ ആരംഭിച്ചത് അക്കോമഡേഷൻ സെക്ടറിൽ നിന്നുമാണ്. തുടക്കത്തിൽ റിസോർട്ടുകൾ, ഹോട്ടലുകൾ, സെർവീസ്ഡ് വില്ലകൾ എന്നിവക്കാണ് വർഗ്ഗീകരണം ഏർപ്പെടുത്തിയിരിക്കുന്നത്. ഹോംസ്റ്റേകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ വർഗ്ഗീകരണത്തിനുള്ള മാർഗരേഖയും തയ്യാറായി കഴിഞ്ഞു. ആയുർവേദ സെൻ്ററുകൾ, ടൂർ ഓപ്പറേറ്റേഴ്സ്, മറ്റു സർവീസ് പ്രൊവൈഡേർസ് എന്നിങ്ങനെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സംരഭകർക്കും ഉത്തരവാദിത്ത ടൂറിസം വർഗ്ഗീകരണം നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

ആഗോള സുസ്ഥിര വിനോദസഞ്ചാര മാനദണ്ഡങ്ങൾക്ക് (ഗ്ലോബൽ സസ്റ്റൈനബിൾ ടൂറിസം ക്രൈറ്റീരിയ) അനുസൃതമായി ഉത്തരവാദിത്ത ടൂറിസം മേഖലയിലെ അനുഭവത്തിൽനിന്ന് നവീകൃതമാറ്റങ്ങൾ സംയോജിപ്പിച്ച് കേരളത്തിന്റെ പശ്ചാത്തലത്തിനനുയോജിച്ച രീതിയിലാണ് ആർ ടി ക്ലാസ്സിഫിക്കേഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആർ ടി ക്ലാസ്സിഫിക്കേഷൻ എന്നത് വിലയിരുത്തൽ, പരിശോധന, നിരീക്ഷണം എന്നീ കാര്യങ്ങൾ ഉൾപ്പെട്ട നിർബന്ധിതമല്ലാത്ത ഒരു പ്രക്രിയയാണ്. ഒരു വ്യവസായമോ, സ്ഥാപനമോ, ഉൽപ്പന്നമോ, സേവനമോ അതുപോലുള്ള മറ്റെന്തെങ്കിലും പ്രവർത്തനമോ നിശ്ചിത നിലവാരം/മാനദണ്ഡം പാലിക്കുന്നു

എന്നുറപ്പാക്കുന്നതിനുള്ള രേഖയാണ് ക്ലാസ്സിഫിക്കേഷൻ സർട്ടിഫിക്കറ്റ്. വർഗ്ഗീകരണം നടപ്പിലക്കുന്നവർക്ക് വിവിധ മാനദണ്ഡങ്ങളും ബന്ധപ്പെട്ട സൂചകങ്ങളും ഉപയോഗിച്ചുള്ള നിർദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്ന അല്ലെങ്കിൽ അതിനപ്പുറത്തുള്ളവർക്ക് മാർക്കറ്റ് ചെയ്യാവുന്ന ലോഗോ നൽകുന്നു.

**ആഗോള സുസ്ഥിര വിനോദസഞ്ചാര മാനദണ്ഡം (ഗ്ലോബൽ സസ്റ്റൈനബിൾ ടൂറിസം ക്രൈറ്റീരിയ- ജി എസ് ടി സി )**

സുസ്ഥിര വിനോദസഞ്ചാരത്തെക്കുറിച്ച് പൊതുവായി മനസിലാക്കുന്നതിനുള്ള ശ്രമമാണ് ജി എസ് ടി സി. ഏതൊരു ടൂറിസം സംരഭകർക്കും വളരെ എളുപ്പത്തിൽ പ്രാവർത്തികമാക്കാവുന്നതുമാണ്. ഐക്യരാഷ്ട്രസഭയുടെ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളോടുള്ള (മില്ലേനിയം ഗോൾസ്) ടൂറിസം സമുദായത്തിന്റെ പ്രതികരണമാണ് ജി എസ് ടി സി. ദാരിദ്യ ലഘൂകരണം, പരിസ്ഥിതി സുസ്ഥിരത (കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ) എന്നിവയാണ് പ്രധാനമായും ജി എസ് ടി സി വഴി അഭിസംബോധന ചെയ്യപ്പെടേണ്ട പ്രശ്നങ്ങൾ. 2007 ന്റെ തുടക്കത്തിൽ 27 രാജ്യങ്ങളുടെ ഒരു സഖ്യം ജി എസ് ടി സി വികസിപ്പിക്കുന്നതിനായി നിലവിൽ വന്നു.

ജി എസ് ടി സി യുടെ നാല് പ്രധാന ആശയങ്ങളാണ്:

- ഫലപ്രദമായ സുസ്ഥിര ആസൂത്രണം
- പ്രാദേശിക സമൂഹത്തിന് സാമ്പത്തികവും സാമ്പത്തികവുമായ ആനുകൂല്യങ്ങൾ പരമാവധി ലഭ്യമാക്കുക
- സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുക
- പാരിസ്ഥിതിക ആഘാതം കുറയ്ക്കുക.

ആർ ടി ക്ലാസ്സിഫിക്കേഷൻ അക്കൊമഡെഷൻ മേഖലയിൽ മാത്രം ഒതുക്കി നിർത്തേണ്ട ഒന്നല്ല മറിച്ച് ടൂറിസം വ്യവസായ രംഗം മുഴുവൻ വ്യാപിപ്പിക്കേണ്ടതാണ്. ആർ ടി ക്ലാസ്സിഫിക്കേഷന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ താഴെ പറയുന്നു.

- വലുപ്പ ചെറുപ്പ ഭേദമെന്യേ എല്ലാ തോതിലുമുള്ള ടൂറിസം സംരഭകർക്കും ജി എസ് ടി സി അനുസരിച്ചുള്ള ടൂറിസം വ്യവസായം

തെരഞ്ഞെടുക്കുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനുമുള്ള മാർഗരേഖ.

- ട്രാവൽ ഏജൻസികൾക്കും, ടൂർ ഓപ്പറേറ്റർമാർക്കും, ഉപഭോക്താക്കൾക്കും ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും വ്യവസായവും തെരഞ്ഞെടുക്കുന്നതിനു സഹായിക്കുക.

- ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ വേഗത്തിൽ തിരിച്ചറിയുന്നതിനുള്ള ഒരു സൂചകം ആവുക.

**വർഗ്ഗീകരണത്തിനുള്ള മാനദണ്ഡങ്ങൾ (ആർ ടി ക്ലാസ്സിഫികേഷൻ ക്രൈറ്റീരിയ)**

മാനദണ്ഡങ്ങൾ പ്രധാനമായും നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. സുസ്ഥിര മാനേജ്മെന്റ്
2. സാമൂഹിക സാംസ്ക്കാരിക ഉത്തരവാദിത്തം
3. സാമ്പത്തിക ഉത്തരവാദിത്തം
4. പാരിസ്ഥിതിക ഉത്തരവാദിത്തം

പ്രോപ്പർട്ടി പിന്തുടരുന്ന പാരിസ്ഥിതിക ഉത്തരവാദിത്തങ്ങൾക്ക് ഊന്നൽ നൽകിയാണ് വർഗ്ഗീകരണ മാനദണ്ഡം വികസിപ്പിച്ചെടുത്തിരിക്കുന്നത്. ഓരോ ഉപവിഭാഗത്തിലും പെട്ട പ്രധാന സൂചകങ്ങൾ താഴെ പറയുന്നു. ഒരു വിഭാഗത്തിന് കീഴിലും മിനിമം സ്കോർ ആവശ്യമില്ല.

1. **സുസ്ഥിര മാനേജ്മെന്റ്**
   a. യൂണിറ്റിനു ഒരു സുസ്ഥിര മാനേജ്മെന്റ് പ്ലാൻ ഉണ്ടോ?
   b. നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടോ?
   c. ഉപഭോക്താക്കളുടെ സംതൃപ്തി അളക്കുകയും അവരുടെ പ്രതികരണം രേഖപ്പെടുത്തുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടോ?
   d. യഥാർഥമായ പ്രോമോഷണൽ മറ്റീരിയലുകൾ ആണോ ഉപയോഗിക്കുന്നത്
   e. പ്രദേശത്തെ പ്രകൃതിദത്തമായ കാര്യങ്ങൾ തനതു കല, സംസ്ക്കാരം, എന്നിവയെക്കുറിച്ചുള്ള വിവരവും വ്യാഖ്യാനവും ലാഭ്യമാണോ?

f. വ്യക്തിഗത പരിശീലനവും മാനേജ്മെന്റും

2. **സാമൂഹിക സാംസ്ക്കാരിക ഉത്തരവാദിത്തം**

a. പൊതുസ്ഥലങ്ങളിലെ പ്രവേശനം
b. പ്രത്യേക പരിഗണന ആവശ്യമുള്ളവർക്ക് വേണ്ട സൌകര്യങ്ങൾ
c. സ്റ്റാഫിനും മാനേജ്മെമെന്റിനുമുള്ള പെരുമാറ്റച്ചട്ടം
d. സാംസ്കാരികമായോ ചരിത്രപരമായോ സെൻസിറ്റീവ് ആയ സ്ഥലങ്ങളിൽ ടൂറിസ്റ്റിനു പെരുമാറ്റച്ചട്ടം
e. ബാലപീഡനത്തിന് എതിരാണോ
f. വനിതകൾക്ക് തൊഴിലവസരം
g. തദ്ദേശീയ കല സംസ്കാരം എന്നിവയുടെ പ്രൊമോഷൻ
h. പ്രാദേശിക കരകൌശല ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ.

3. **സാമ്പത്തിക ഉത്തരവാദിത്തം**
   a. പ്രാദേശിക തൊഴിൽ അവസരങ്ങൾ
   b. പ്രാദേശിക ഉൽപ്പന്നങ്ങളും സേവനങ്ങളും വാങ്ങുക
   c. പ്രാദേശിക ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുക
   d. കൂലി, ജീവനക്കാരുടെ ക്ഷേമം, നിയമ പരിരക്ഷ
   e. പ്രാദേശികമായപ്രകൃതി നിർമ്മിതമോ, സാംസ്കാരികമോ ആയ ആകർഷങ്ങളുടെ സംരക്ഷണത്തിനായുള്ള സപ്പോർട്ട്

4. **പാരിസ്ഥിതിക ഉത്തരവാദിത്തം**
   a. സുസ്ഥിര രൂപകൽപ്പനയും നിർമ്മാണവും
   b. പ്രാദേശിക അന്തരീക്ഷവുമായി ചേർന്ന് പോകുന്ന നിർമ്മിതി
   c.
   d. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ടൂറിസ്റ്റിനു പെരുമാറ്റച്ചട്ടം
   e. പാരിസ്ഥിതിക സൌഹൃദ വാങ്ങൽ/സംഭരണ നയം
   f. ഊർജ്ജ, ജല സംരക്ഷണം
   g. മാലിന്യ സംസ്കരണം
   h. ഗ്രീൻ ഹൗസ് വാതക ഉൽസർജ്ജനം കുറയ്ക്കാനുള്ള ശ്രമം

**വർഗ്ഗീകരണത്തിന്റെ തരങ്ങൾ**

1. 250 മുതൽ 349 വരെ - വെള്ളി
2. 350 മുതൽ 500 വരെ - സ്വർണം
3. 501 മുതൽ 1000 വരെ - ഡയമണ്ട്
4. RT ഗ്രീൻ സർട്ടിഫിക്കേഷൻ- പരിസ്ഥിതി വിഭാഗത്തിൽ മൊത്തം സ്കോറിന്റെ 80% ലഭ്യമാകുന്ന പ്രോപ്പർട്ടിക്ക് RT ഗ്രീൻ സർട്ടിഫിക്കേഷൻ നൽകും.

Hardhana
സെക്ഷൻ ഓഫീസർ